**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5653** **08-07-2024 - ൽ മറുപടിയ്ക്ക്**

**സൈബർ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര സൈബർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ; ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് 6720 സൈബർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ഇതോടൊപ്പം അനുബന്ധം ആയി ചേർക്കുന്നു. പ്രസ്തുത കേസുകളിൽ പ്രധാനമായും ഇന്ത്യൻ ശിക്ഷാ നിയമം, പോക്സോ ആക്ട്, ഇൻഫർമേഷൻ ടെക്നോളജി ആക്ട്, കേരള പകർച്ചവ്യാധി നിയന്ത്രണ നിയമം എന്നിവയിലെ വിവിധ വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | ഏതെങ്കിലും സാമൂഹമാധ്യമ പേജുകൾ കൈകാര്യം ചെയ്തിരുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഏതെല്ലാം പേജുകൾ കൈകാര്യം ചെയ്തവർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഏതെങ്കിലും സാമൂഹമാധ്യമ പേജുകളുടെ പ്രവർത്തനം ഇക്കാലയളവിൽ നിരോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | സാമൂഹ്യമാധ്യമ പേജുകൾ കൈകാര്യം ചെയ്തവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രധാനമായും യൂട്യൂബ്, ഫേസ് ബുക്ക്, വാട്സ് ആപ്പ്, എക്സ് (പഴയ ട്വിറ്റർ), ടെലിഗ്രാം, മനോരമ ന്യൂസ് ഓൺലൈൻ, ജനം ടി.വി റിപ്പോർട്ടർ, മറുനാടൻ മലയാളി/കർമ്മ ന്യൂസ് പോർട്ടലുകൾ എന്നിവ കൈകാര്യം ചെയ്തവർക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഐ.ടി ആക്ടിലെ സെക്ഷൻ 79(3)(b) പ്രകാരം കോഗ്നിസബിൾ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട സോഷ്യൽ മീഡിയ പ്രൊഫൈലുകൾ നീക്കം ചെയ്യാൻ നോട്ടീസ് പുറപ്പെടുവിച്ച് വരുന്നുണ്ട്. സൈബർ ഹെഡ്ക്വാർട്ടേഴ്സ് ഇതുവരെ ആകെ 59 പ്രൊഫൈലുകൾ, 5494 പോസ്റ്റുകൾ, 9103 വെബ് സൈറ്റുകൾ നീക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ